"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശസ്വയംഭരണ വകുപ്പ്- കേരള മുനിസിപ്പൽ കോമൺ സർവ്വീസ് - ജീവനക്കാര്യം- എറണാകുളം ജില്ലയിൽ ഏലൂർ നഗരസഭയിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന താൽക്കാലിക അടിസ്ഥാനത്തിൽ കണ്ടിജന്റ് ജീവനക്കാരായി സേവനമനുഷ്ഠിച്ചുവരുന്ന ശ്രീമതി.മല്ലിക,ശ്രീ. സജി എന്നിവർ ചേർന്ന് ഫയൽ ചെയ്ത WP(C)No.2646/2019-ന്മേലുള്ള ബഹു.ഹൈക്കോടതിയുടെ 12.2.2019-ലെ ഉത്തരവിനെതിരെ സർക്കാർ ഫയൽ ചെയ്ത , WA No.2342/2019 ന്മേലുള്ള 09/12/2019 തീയതിയിലെ വിധിന്യായം നടപ്പിലാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ(ഇയു) വകുപ്പ്

G.O.(Rt)No.172/2021/LSGD തീയതി,തിരുവനന്തപുരം, 22/01/2021

---

പരാമർശം:- 1 WP(C) No.2646/2019 നമ്പർ കേസിലെ ബഹു.ഹൈക്കോടതിയുടെ 12/02/2019 തീയതിയിലെ വിധിന്യായം

2 24.09.2019തീയതിയിലെ സ.ഉ(സാധാ)നം.2062/2019/തസ്വഭവ

3 WA No.2342/2019 ന്മേലുള്ള 09/12/2019 തീയതിയിലെ വിധിന്യായം

4 നഗരകാര്യഡയറക്ടറുടെ 08.12.2020 തീയതിയിലെ ഇ2-2506/2019 നമ്പർ കത്ത്.

<u>ഉത്തരവ്</u>

എറണാകുളം ജില്ലയിൽ ഏലൂർ നഗരസഭയിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന താൽക്കാലിക അടിസ്ഥാനത്തിൽ കണ്ടിജന്റ് ജീവനക്കാരായി സേവനമനുഷ്ഠിച്ചുവരുന്ന ശ്രീമതി. മല്ലിക,ശ്രീ.സജി എന്നിവർ തങ്ങളെ സ്ഥിരപ്പെടുത്തണമെന്ന് ആവശ്യപ്പെട്ട് ബഹു. ഹൈക്കോടതിയിൽ WP(C) No.2646/2019 ഫയൽ ചെയ്തു. എക്സിബിറ്റ് പി-8 നോടൊപ്പം എക്സിബിറ്റ് പി-7 കൗൺസിൽ തീരുമാനം, ടി കേസിലെ ഒന്നാം എതിർകക്ഷിയായിട്ടുള്ള സർക്കാരിന് മുമ്പാകെ വയ്ക്കുവാൻ ടി കേസിലെ രണ്ടാം എതിർകക്ഷിയായിട്ടുള്ള നഗരകാര്യ ഡയറക്ടർക്ക് നിർദ്ദേശം നൽകുക, ആയത് ലഭ്യമായശേഷം ടി എക്സിബിറ്റുകൾ സംബന്ധിച്ച് സമയബന്ധിതമായി തീരുമാനമെടുക്കുന്നതിന് ഒന്നാം എതിർകക്ഷിയായിട്ടുള്ള സർക്കാരിന് നിർദ്ദേശം നൽകുക എന്നതായിരുന്നു ടി കേസിലെ ആവശ്യം. പ്രസ്തുത കേസിൽ ബഹു . ഹൈക്കോടതി പരാമർശം (1) വിധിന്യായത്തിൽ ചുവടേ ചേർക്കും പ്രകാരം നിർദ്ദേശിക്കുകയുണ്ടായി.

"In the above circumstances, the 3rd respondent Municipality is directed to furnish the details called for by the second respondent and the second respondent shall, on receipt of the details from the Municipality, forward the resolution to the Government without any delay, at any rate, within a period of two weeks from the date of receipt of a copy of the judgement and Government shall thereafter

take appropriate action for sanctioning of the additional posts on the basis of the request made in Ext.P8 resolution having regard to Ext.P5 Government Order also, within a further period of two months.''

2)സർക്കാർ ഈ വിഷയം വിശദമായി പരിശോധിക്കുകയും Ext.P5-സ.ഉ(എം.എസ്) നം.109/2016 തീയതി 5/8/2016 -പ്രകാരം പുതുതായി രൂപീകരിക്കപ്പെട്ട നഗരസഭകളിൽ തസ്തികകൾ അനുവദിച്ചതുപോലെ ഏലൂർ നഗരസഭയിലും 23 കണ്ടിജന്റ് തസ്തികകൾ (2010 ൽ നഗരസഭയ്ക്ക് അനുവദിച്ചിട്ടുള്ള 6 തസ്തികകൾക്കു പുറമെ 17 കണ്ടിജന്റ് തസ്തികകൾ ) അനുവദിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഏലൂർ നഗരസഭാ സെക്രട്ടറി നഗരകാര്യ ഡയറക്ടർക്കയച്ച കത്തിലെ ആവശ്യം നിരസിച്ചുകൊണ്ടും അപ്രകാരം ബഹു.ഹൈക്കോടതിയുടെ 12/02/2019 ലെ വിധിന്യായം നടപ്പിലാക്കികൊണ്ടും പരാമർശം (2) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു

3)തുടർന്ന്, 13.11.2019-ലെ CC(C)No.1795/2019-നം കത്തിലെ അഡ്വക്കേറ്റ് ജനറലിന്റെ നിർദ്ദേശപ്രകാരം, WP(C)No.2646/2019 നമ്പർ കേസിലെ ബഹു.ഹൈക്കോടതിയുടെ 12/02/2019 തീയതിയിലെ വിധിന്യായത്തിനെതിരെ സർക്കാർ WA No.2342/2019 ഫയൽ ചെയ്തു. ആയതിന്മേൽ പരാമർശം (3) വിധിന്യായംപ്രകാരം ബഹു . ഹൈക്കോടതി താഴെപറയുംപ്രകാരം ഉത്തരവായി.

"There is no consideration of the same projected before the Government. In such circumstance, we set aside Annexure-I (ie.G.O(Rt)No.2062/2019/LSGD dated 24.9.2019)and direct a fresh consideration to be made taking into account all the factors and also after hearing the Municipality, on whom is the financial liability. The same shall be considered within a period of three months and there shall be no disturbance of the writ petitioners till then, but later their continuance shall depend upon the orders passed by the Government. We also make it clear that if at all the Government does not sanction posts, then the respondents would be entitled to challenge the same and for any casual work, the respondents, who are the petitioners in the writ petition, would be preferred, subject to their availability, for reason of their long continuance as casual workers".

4)WA No.2342/2019 ന്മേലുള്ള ബഹു . ഹൈക്കോടതിയുടെ 09/12/2019 തീയതിയിലെ വിധിന്യായം അനുസരിച്ച് കോവിഡ് വ്യാപനപശ്ചാത്തലത്തിൽ ഏലൂർ മുനിസിപ്പാലിറ്റി സെക്രട്ടറിയെ ഓൺലൈൻ പ്ലാറ്റ്ഫോം മുഖാന്തരം 01.12.2020 രാവിലെ 11.30 - ന് കേൾക്കുകയുണ്ടായി. നഗരകാര്യവകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിലെ സൂപ്രണ്ടും ഹിയറിംഗിൽ പങ്കെടുത്തു. സർക്കാർ ഫയൽ ചെയ്ത WA No.2342/2019 ന്മേലുള്ള ബഹു . ഹൈക്കോടതിയുടെ 09/12/2019 തീയതിയിലെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ തീരുമാനം എടുക്കേണ്ടത് സർക്കാർ ആണെന്ന് ഏലൂർ മുനിസിപ്പാലിറ്റി സെക്രട്ടറി ഹിയറിംഗ് വേളയിൽ അഭിപ്രായപ്പെട്ടു . നഗരകാര്യവകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിലെ സൂപ്രണ്ടും അപ്രകാരം ശിപാർശ ചെയ്തു .

5)ഈ വിഷയത്തിൽ നഗരകാര്യഡയറക്ടറുടെ പരാമർശം (4) കത്ത് പ്രകാരം, 24.9.2019- ലെ സ . ഉ ( സാധാ ) നം . 2062/2019/ തസ്വഭവ -ലെ നിർദ്ദേശം അനുസരിച്ച്, നഗരസഭകളിലെ ശുചീകരണ പ്രവർത്തനങ്ങൾക്ക് അവയുടെ സ്ഥിരം കണ്ടിജന്റ് ജീവനക്കാരുടെ സേവനം തികയാതെ വരികയാണെങ്കിൽ കുടുംബശ്രീയുടെ സേവനം തേടാവുന്നതാണെന്നും, അതും

പര്യാപ്തമാവാതെ വരികയാണെങ്കിൽ പ്രാദേശിക എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന തിരഞ്ഞെടുക്കപ്പെട്ട കണ്ടിജന്റ് ജീവനക്കാരെ ദിവസവേതനഅടിസ്ഥാനത്തിൽ ശുചീ കരണ പ്രവ ർ ത്തനങ്ങ ൾ ക്ക് ഏ ർ പ്പെടുത്താവു ന്നതാണെന്നും നിർദ്ദേ ശം നൽകികൊണ്ടുള്ള 03/11/2006 ലെ സ . ഉ .( സാധാ ) നം .2748/2006/ തസ്വഭവ ഉത്തരവ് പ്രകാരം എല്ലാ നഗരസഭകൾക്കും നഗരകാര്യവകുപ്പ ഡയറക്ടർ നിർദ്ദേശം നൽകിയിട്ടുണ്ടെന്നും ആയതിന്റെ അടിസ്ഥാനത്തിൽ ഏലൂർ നഗരസഭയിലെ കണ്ടിജന്റ് ജീവനക്കാരുടെ എണ്ണത്തിലെ അപര്യാപ്തത കണക്കിലെടുത്ത് ശുചീകരണത്തിനായി കരാർ അടിസ്ഥാനത്തിൽ ടി. നഗരസഭ കുടുംബശ്രീയുടെ സേവനം ഉപയോഗപ്പെടുത്തിവരുന്നു എന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട് .

6) കൂടാതെ സർക്കാർ ഫയൽ ചെയ്ത റിട്ട് അപ്പീൽ നം 2342/2019 മേലുള്ള 09/12/2019 - ലെ വിധിന്യായം പ്രകാരം, 24.9.2019- ലെ സ . ഉ ( സാധാ ) നം . 2062/2019/ തസ്വഭവ ഉത്തരവ് set aside ചെയ്തിട്ടുണ്ടെന്നും, നഗരസഭയെകൂടി കേട്ടുകൊണ്ട് വിഷയം പരിഗണിക്കണമെന്ന് ഉത്തരവായിട്ടുണ്ടെന്നും അതുവരെ റിട്ട് പെറ്റീഷനിലെ പരാതിക്കാർക്ക് Disturbance ഉണ്ടാകരുത് എന്ന് നിർദ്ദേശിച്ചിട്ടുണ്ടെന്നും ഈ സാഹചര്യത്തിൽ നഗരസഭകൗൺസിലിന്റെ 28.12.2019- ലെ 2- ാം നം തീരുമാനം പ്രകാരം ബഹു . ഹൈക്കോടതിയുടെ 09.12.2019- ലെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ, ശ്രീമതി . മല്ലിക , ശ്രീ . സജി സി . ജി എന്നിവരുടെ സേവനകാലാവധി ഇക്കാര്യത്തിൽ ഇനിയൊരു സർക്കാർ ഉത്തരവ വരുന്നതുവരെ തുടരുന്നതിന് കൗൺസിൽ തീരുമാനിച്ചിട്ടുള്ളതാണ് എന്ന് ഏലൂർ മുനിസിപ്പാലിറ്റി സെക്രട്ടറി അറിയിച്ചിട്ടുണ്ട് എന്നും നഗരകാര്യഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഈ വിഷയത്തിൽ തുടർനടപടികൾ സ്വീകരിക്കേണ്ടത് സർക്കാർ തലത്തിൽ ആയതിനാൽ ഉചിതമായ തീരുമാനത്തിനാണ് നഗരകാര്യവകുപ്പ് ഡയറക്ടർ ശിപാർശ ചെയ്തിട്ടുള്ളത് .

7) മേൽപ്പറഞ്ഞ സാഹചര്യത്തിൽ സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. ഏലൂർ നഗരസഭാ സെക്രട്ടറി/നഗരകാര്യ ഡയറക്ടർ -ടെ ശിപാർശയിൽ പരാമർശിക്കുന്ന (എക്സിബിറ്റ് പി-8) 05/08/2016 ലെ സ . ഉ .( എം . എസ് ) നം .109/2016/ തസ്വഭവ നമ്പർ ഉത്തരവ്, പുതുതായി രൂപീകരിക്കപ്പെട്ട നഗരസഭകളിൽ തസ്തികകൾ അനുവദിച്ചുകൊണ്ടുള്ളതായതിനാൽ ടി ഉത്തരവ് 2010 ൽ രൂപീകൃതമായ ഏലൂർ നഗരസഭയ്ക്ക് ബാധകമല്ല. 1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ട് ചട്ടം 224(1) പ്രകാരം കണ്ടിജന്റ് വിഭാഗം ജീവനക്കാരുടെ നിയമനാധികാരം അതാത് നഗരസഭകൗൺസിലുകളിൽ നിക്ഷിപ്തമാണ്. ഏതെങ്കിലും നഗരസഭകളിൽ നഗരസഭയുടെ വിസ്തീർണ്ണം, സൃഷ്ടിക്കപ്പെടുന്ന മാലിന്യങ്ങളുടെ അളവ്, ജനസംഖ്യ, നഗരസഭയുടെ സാമ്പത്തികശേഷി എന്നിവ കണക്കിലെടുക്കുമ്പോൾ തൊഴിലാളികളുടെ എണ്ണം കുറവാണെന്നു കണ്ടാൽ അത്യാവശ്യം ജീവനക്കാരെ നിയമിക്കുന്നതിന് അനുമതി നൽകുവാനുള്ള അധികാരം നഗരകാര്യഡയറക്ടർക്ക് നൽകി 03/11/2006 ൽ സ . ഉ .( സാധാ ) നം .2748/2006/ തസ്വഭവ നമ്പർ ഉത്തരവ് സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. ഈ ഉത്തരവിൽ സംസ്ഥാനത്തെ നഗരസഭകൾക്ക് ശുചീകരണ പ്രവർത്തനങ്ങൾക്ക് അവയുടെ സ്ഥിരം കണ്ടിജന്റ് ജീവനക്കാരുടെ കാര്യക്ഷമമായ സേവനം തികയാതെ വരുകയാണെങ്കിൽ ശുചീകരണ പ്രവർത്തനങ്ങൾക്ക് കുടുംബശ്രീയുടെ സേവനം തേടാവുന്നതാണെന്നും, കുടുംബശ്രീയുടെ സേവനവും പര്യാപ്തമാവാത്ത അനിവാര്യഘട്ടങ്ങളിൽ മാനദണ്ഡങ്ങൾക്ക് വിധേയമായി പ്രാദേശിക എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന തിരഞ്ഞെടുത്ത കണ്ടിജന്റ് ജീവനക്കാരെ ദിവസ വേതനത്തിന്റെ അടിസ്ഥാനത്തിൽ ശുചീകരണ പ്രവർത്തനങ്ങൾക്ക് ഏർപ്പെടുത്താവുന്നതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്. ആയതിനാൽ ഏലൂർ നഗരസഭയിൽ കണ്ടിജന്റ് വിഭാഗത്തിൽ 17 തസ്തികകൾ സൃഷ്ടിക്കുന്നതിന് അനുമതി നൽകണമെന്ന ഏലൂർ നഗരസഭാ സെക്രട്ടറി/നഗരകാര്യ ഡയറക്ടർ -ടെ ശിപാർശ പുതുതായി പരിഗണിക്കണമെന്ന ബഹു.ഹൈക്കോടതിയുടെ 09.12.2019 തിയതിയിലെ വിധിന്യായം പരിഗണിക്കാൻ നിർവ്വാഹമില്ലാത്തതിനാൽ ഏലൂർ നഗരസഭാ സെക്രട്ടറി/നഗരകാര്യ ഡയറക്ടർ -ടെ പ്രസ്തുത ശിപാർശ നിരസിച്ചുകൊണ്ടും തൊഴിലാളികളുടെ എണ്ണം കുറവാണെന്നു കണ്ടാൽ 03/11/2006-ൽ

സ . ഉ .( സാധാ ) നം .2748/2006/ തസ്വഭവ നമ്പർ ഉത്തരവ് പ്രകാരമുള്ള നടപടികൾ സ്വീകരിക്കുവാൻ നഗരകാര്യവകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകിക്കൊണ്ടും ഉത്തരവാകുന്നു.

7)മേൽപ്പറഞ്ഞ പ്രകാരം ബഹു.ഹൈക്കോടതിയുടെ 09.12.2019 തിയതിയിലെ വിധിന്യായം നടപ്പിലാക്കിയിരിക്കുന്നു

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
JAISY PAUL
UNDER SECRETARY

പകർപ്പ്

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
അഡ്വക്കേറ്റ് ജനറൽ,കേരള എറണാകുളം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
സെക്രട്ടറി, ഏലൂർ നഗരസഭ
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ